## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 297
## 05.03.2012–ലെ മറുപടിക്ക്

### ട്രഷറികളുടെ ആധുനികവത്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | ട്രഷറികളുടെ ആധുനികവത്ക്കരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി 50 ട്രഷറി കെട്ടിടങ്ങളുടെ നവീകരണവും 31 പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിച്ച് കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടിയായി ഇൻകെലുമായി കരാറിൽ ഏർപ്പെടുകയും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ട്രഷറികളിൽ നെറ്റ്‌വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| ബി) | പുതിയ ഏതെല്ലാം പരിഷ്ക്കാരങ്ങളാണ് ഈ മേഖലയിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നത്; | ഇലക്ട്രോണിക് സംവിധാനത്തിലൂടെ ട്രഷറികളിൽ പണം അടയ്ക്കാൻ കഴിയുന്ന തരത്തിൽ ഇ–ട്രഷറി, കമ്പ്യൂട്ടർ അധിഷ്ഠിതമായ ബഡ്ജറ്റ് വിതരണവും ധനകാര്യ നിയന്ത്രണവും ഏർപ്പെടുത്തുന്നതിനും ഫലപ്രദമായി |

| | | |
|---|---|---|
| | | കൈകാര്യം ചെയ്യുന്നതിനുമായി സെൻട്രൽ ഡേറ്റാ ബേസും അനുബന്ധ സോഫ്റ്റ്‌വെയറുകളും ഏർപ്പെടുത്തുന്നതിനുള്ള നടപടി എന്നിവ പുരോഗമിച്ചു വരുന്നു. |
| സി) | പൊതുജനങ്ങൾക്ക് ട്രഷറിയുമായി ബന്ധപ്പെട്ട ഇടപാടുകൾ എളുപ്പമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ട്രഷറി നെറ്റ്‌വർക്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ പൊതുജനങ്ങൾക്ക് ട്രഷറിയുമായി ബന്ധപ്പെട്ട നടപടികൾ എളുപ്പമാക്കുന്ന സംവിധാനങ്ങളാണ്. ഇവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | എല്ലാ പഞ്ചായത്തിലും ഒരു ട്രഷറി എന്ന പദ്ധതി നടപ്പിലാക്കാനാകുമോ; വ്യക്തമാക്കാമോ? | എല്ലാ പഞ്ചായത്തിലും ഒരു ട്രഷറി എന്ന നിർദ്ദേശം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ